പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 76

# 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 76

# 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ

1001/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 76

# 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബിൽ

കേരള സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതിയിലും പട്ടിക ഗോത്രവർഗ്ഗത്തിലും മറ്റ് പിന്നാക്ക സമുദായങ്ങളിലുംപെട്ട ആളുകൾക്ക് സീറ്റ് സംവരണം ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലും മറ്റ് പിന്നാക്ക സമുദായങ്ങളിലുംപെട്ട ആളുകൾക്ക് സീറ്റ് സംവരണം ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനത്തൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 2017 ജൂൺ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''സമുചിത അധികാരസ്ഥാനം'' എന്നാൽ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും നിശ്ചയിക്കുന്നതിനായി കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ സ്ഥാപിച്ച ഒരു കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ബി) ''ക്യാപ്പിറ്റേഷൻ ഫീസ്'' എന്നാൽ ഈ ആക്റ്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസിനു പുറമെ, പണമായോ, സാധനമായോ, അത് ഏത് പേരിൽ അറിയപ്പെട്ടിരുന്നാലും, നേരിട്ടോ അല്ലാതെയോ നൽകിയതോ ഈടാക്കിയതോ ലഭിച്ചതോ ആയ ഏതൊരു തുകയും എന്നർത്ഥമാകുന്നു;

(സി) ''കേന്ദ്രീകൃത കൗൺസലിംഗ്'' എന്നാൽ പൊതുപ്രവേശന പരീക്ഷയിൽ യോഗ്യത നേടിയവർക്ക് മെഡിക്കൽ കോളേജുകളിലേക്കോ സ്ഥാപനങ്ങളിലേക്കോ മെറിറ്റ് അടിസ്ഥാനത്തിലുള്ള പ്രവേശനാവശ്യാർത്ഥം, സർക്കാരോ അത് അധികാരപ്പെടുത്തിയ ഏതെങ്കിലും ഏജൻസിയോ മുഖേനയുള്ള ഏകജാലക നടപടിക്രമത്തിലൂടെയുള്ള ഒരു പൊതു കൗൺസലിംഗും കോളേജുകളിലെ സീറ്റ് വിഭജനവും എന്നർത്ഥമാകുന്നു;

(ഡി) ''സമിതി'' എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി എന്നർത്ഥമാകുന്നു;

(ഇ) ''പൊതു പ്രവേശന പരീക്ഷ'' എന്നാൽ അപേക്ഷകരുടെ യോഗ്യത നിശ്ചയിക്കുന്നതിനായി, ന്യൂഡെൽഹിയിലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷനോ കേന്ദ്രസർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഏജൻസിയോ നടത്തുന്ന ഒരു പ്രവേശന പരീക്ഷ എന്നർത്ഥമാകുന്നു;

(എഫ്) ''ഫീസ്'' എന്നാൽ ട്യൂഷൻ ഫീസും വികസന ചാർജ്ജുകളും ഉൾപ്പെടെയുള്ള എല്ലാ ഫീസും എന്നർത്ഥമാകുന്നു;

(ജി) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) ''സ്ഥാപനം'' എന്നാൽ ഏതെങ്കിലും സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം എന്നർത്ഥമാകുന്നു;

(ഐ) ''മാനേജ്മെന്റ്'' എന്നാൽ സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആളോ നികായമോ, ഏത് പേരിൽ അറിയപ്പെട്ടാലും, എന്നർത്ഥമാകുന്നു;

(ജെ) ''മെഡിക്കൽ കോഴ്സ്'' എന്നാൽ സമുചിത അധികാരസ്ഥാനം ഒരു മെഡിക്കൽ അല്ലെങ്കിൽ പാരാമെഡിക്കൽ കോഴ്സ് ആയി വിജ്ഞാപനം ചെയ്ത, ഏത് പേരിൽ അറിയപ്പെട്ടാലും, അങ്ങനെയുള്ള ഒരു ഡിഗ്രി, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് പഠന കോഴ്സ് എന്നർത്ഥമാകുന്നു;

(കെ) ''മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം'' എന്നാൽ ഒരു സമുചിത അധികാരസ്ഥാനം അംഗീകരിച്ചതും അല്ലെങ്കിൽ പദവി അംഗീകരിച്ച് നൽകിയതും സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് മുഖേന സ്ഥാപിതമായതോ ഏകാംഗീകൃതമായതോ ആയ ഒരു സർവ്വകലാശാലയിലോ അല്ലെങ്കിൽ അതിന്റെ അനുബന്ധ ഘടകത്തിലോ അല്ലെങ്കിൽ 1956-ലെ സർവ്വകലാശാലാ ധനസഹായ കമ്മീഷൻ ആക്റ്റിന്റെ (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പുപ്രകാരം ഒരു സർവ്വകലാശാലയായി കരുതപ്പെടുന്ന ഒരു സർവ്വകലാശാലയിലോ അതിന്റെ ഒരു അനുബന്ധ ഘടകത്തിലോ അഫിലിയേറ്റ് ചെയ്യപ്പെട്ടതുമായ ഒരു കോളേജോ ഒരു സ്കൂളോ ഒരു വകുപ്പോ അല്ലെങ്കിൽ ഏത് പേരിൽ അറിയപ്പെടുന്നതുമായ ഒരു സ്ഥാപനമോ എന്നർത്ഥമാകുന്നതും, അതിൽ ആയുർവ്വേദം, ഹോമിയോപ്പതി, യുനാനി, സിദ്ധ, അങ്ങനെയുള്ള മറ്റ് പഠന ശാഖകൾ എന്നിവയിലേതിലെങ്കിലും മെഡിക്കൽ വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

(എൽ) ''ന്യൂനപക്ഷം'' എന്നാൽ 2004-ലെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ആക്റ്റിലെ (2005-ലെ 2-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (എഫ്) ഖണ്ഡ പ്രകാരം ന്യൂനപക്ഷം എന്ന് നിർവ്വചിക്കപ്പെട്ട ഒരു സമുദായം എന്നർത്ഥമാകുന്നു;

(എം) ''ന്യൂനപക്ഷ സ്ഥാപനം'' എന്നാൽ ന്യൂനപക്ഷത്താൽ സ്ഥാപിതമായതും ഭരണ നിർവ്വഹണം നടത്തിവരുന്നതും, മെഡിക്കൽ വിദ്യാഭ്യാസം പകർന്നു നൽകുന്നതുമായ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

(എൻ) ''പ്രവാസി ഭാരതീയർ'' എന്നതിന് 1961-ലെ ആദായ നികുതി ആക്റ്റിലെ (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) 114 സി വകുപ്പിന്റെ (ഇ) ഖണ്ഡത്തിൽ അതിന് നൽകപ്പെട്ടിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഒ) ''മറ്റ് പിന്നാക്ക സമുദായങ്ങൾ'' എന്നാൽ സംസ്ഥാന സർക്കാർ അങ്ങനെ വിജ്ഞാപനം ചെയ്ത്, അതതു സമയങ്ങളിൽ ഭേദഗതി വരുത്തുന്ന പ്രകാരമുള്ള മറ്റ് പിന്നാക്ക സമുദായങ്ങൾ എന്നർത്ഥമാകുന്നു;

(പി) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ക്യു) ''സ്വകാര്യ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം'' എന്നാൽ ഏതെങ്കിലും സംസ്ഥാന അല്ലെങ്കിൽ കേന്ദ്ര സർക്കാരിൽ നിന്നും ആവർത്തക സാമ്പത്തിക സഹായമോ സഹായധനമോ ലഭിക്കാത്തതും കേന്ദ്ര സർക്കാരിനാലോ സംസ്ഥാന സർക്കാരിനാലോ മറ്റേതെങ്കിലും പൊതു നികായത്താലോ സ്ഥാപിതമായതോ നിലനിർത്തിപ്പോരുന്നതോ അല്ലാത്തതുമായ ഒരു മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം എന്നർത്ഥമാകുന്നു;

(ആർ) "സംവരണ സീറ്റ്" എന്നാൽ പട്ടികജാതിയിലും പട്ടികഗോത്ര വർഗ്ഗത്തിലും മറ്റ് പിന്നാക്ക സമുദായങ്ങളിലുംപെട്ട ആളുകൾക്കുവേണ്ടി സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്ത സംവരണം ചെയ്ത സീറ്റുകൾ എന്നർത്ഥമാകുന്നു;

(എസ്) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(റ്റി) "അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം" എന്നാൽ ഒരു മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിൽ ഓരോ പഠന കോഴ്സിലേക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനായി ഒരു സമുചിത അധികാരസ്ഥാനം അനുവദിച്ചിട്ടുള്ളതും സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ ആകെ സീറ്റുകളുടെ എണ്ണം എന്നർത്ഥമാകുന്നു;

(യു) "പട്ടികജാതി" എന്നാൽ ഇന്ത്യൻ ഭരണഘടനയുടെ 341-ാം അനുച്ഛേദ പ്രകാരം കേരള സംസ്ഥാനത്തെ സംബന്ധിച്ച് പട്ടികജാതികൾ എന്ന് വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ജാതിയോ വർഗ്ഗമോ ഗോത്രവർഗ്ഗമോ അല്ലെങ്കിൽ ജാതിയുടെയോ വർഗ്ഗത്തിന്റെയോ ഗോത്രവർഗ്ഗത്തിന്റെയോ ഭാഗമോ അല്ലെങ്കിൽ അവയിലെ അവാന്തര വിഭാഗമോ എന്നർത്ഥമാകുന്നു;

(വി) "പട്ടിക ഗോത്രവർഗ്ഗം" എന്നാൽ ഇന്ത്യൻ ഭരണഘടനയുടെ 342-ാം അനുച്ഛേദ പ്രകാരം കേരള സംസ്ഥാനത്തെ സംബന്ധിച്ച് പട്ടിക ഗോത്രവർഗ്ഗങ്ങൾ എന്ന് വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഗോത്രവർഗ്ഗമോ ഗോത്രവർഗ്ഗ സമുദായമോ അല്ലെങ്കിൽ അങ്ങനെയുള്ള ഗോത്രവർഗ്ഗത്തിന്റെയോ ഗോത്രവർഗ്ഗ സമുദായത്തിന്റെയോ ഭാഗമോ അല്ലെങ്കിൽ അവയിലെ അവാന്തര വിഭാഗമോ എന്നർത്ഥമാകുന്നു;

(ഡബ്ല്യു) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(എക്സ്) "സർവ്വകലാശാല" എന്നാൽ സംസ്ഥാന നിയമസഭ ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിൻ കീഴിൽ സ്ഥാപിതമായ ഒരു സർവ്വകലാശാല എന്നർത്ഥമാകുന്നു.

3. <u>പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിയുടെ രൂപീകരണവും</u>.—(1) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ആരംഭിക്കുകയും നിലനിർത്തിപ്പോരുകയും ചെയ്യുന്നതോ കേന്ദ്ര ആക്റ്റ് പ്രകാരം സ്ഥാപിതമായതോ സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് മുഖേന ഏകാംഗീകൃതമായതോ ആയ ഒരു സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളോ അവയുടെ അനുബന്ധ ഘടകങ്ങളോ അല്ലാത്ത, മെഡിക്കൽ വിദ്യാഭ്യാസം നൽകുന്ന, സർവ്വകലാശാലകളായി കരുതപ്പെടുന്ന സ്ഥാപനങ്ങളിലേക്കും അല്ലെങ്കിൽ അവയുടെ അനുബന്ധ ഘടകങ്ങളിലേക്കും ഉള്ള പ്രവേശന പ്രക്രിയയുടെ മേൽനോട്ടം വഹിക്കുന്നതിനും മാർഗ്ഗദർശനം നൽകുന്നതിനും

പ്രവേശനം തേടുന്ന അപേക്ഷകരിൽ നിന്നും ചുമത്താവുന്ന ഫീസ് നിശ്ചയിക്കുന്നതിനും വേണ്ടി, സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി എന്ന് വിളിക്കപ്പെടുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

(2) സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (എ) | സുപ്രീം കോടതിയിൽ നിന്നോ ഹൈക്കോടതിയിൽ നിന്നോ റിട്ടയർ ചെയ്ത ഒരു ജഡ്ജി | - ചെയർ പേഴ്സൺ |
| (ബി) | ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി (എക്സ്-ഒഫിഷ്യോ) | - മെമ്പർ സെക്രട്ടറി |
| (സി) | ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി (എക്സ്-ഒഫിഷ്യോ) | - അംഗം |
| (ഡി) | നിയമ സെക്രട്ടറി (എക്സ്-ഒഫിഷ്യോ) | - അംഗം |
| (ഇ) | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ (എക്സ്-ഒഫിഷ്യോ) | - അംഗം |
| (എഫ്) | പ്രവേശന പരീക്ഷാ കമ്മീഷണർ (എക്സ്-ഒഫിഷ്യോ) | - അംഗം |
| (ജി) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഒരു പ്രതിനിധി | - അംഗം |
| (എച്ച്) | ചെയർപേഴ്സണുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാഭ്യാസ വിദഗ്ദ്ധൻ | - അംഗം |
| (ഐ) | ചെയർപേഴ്സണുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗ സമുദായത്തിലോ പെട്ട ഒരു വിദ്യാഭ്യാസ വിദഗ്ധൻ | - അംഗം |
| (ജെ) | ചെയർപേഴ്സണുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് | - അംഗം |

4. സമിതിയുടെ കാലാവധിയും അംഗങ്ങളുടെ സേവന വ്യവസ്ഥകളും.—(1) എക്സ്-ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള സമിതിയിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അതിന്റെ വിജ്ഞാപന തീയതി മുതൽ മൂന്നു വർഷക്കാലമായിരിക്കുന്നതാണ്.

(2) സമിതിയിലെ അംഗങ്ങൾ ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, പുതിയ സമിതി രൂപീകരിക്കപ്പെടുന്നതുവരെ തുടരേണ്ടതാണ്.

(3) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ, സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കേണ്ടതും അത് ഒരു തവണ മൂന്ന് വർഷം കവിയാൻ പാടില്ലാത്തതും, പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, ഒരാളെ രണ്ട് തവണ കാലാവധിയിൽ കൂടുതൽ അംഗമായി നിയമിക്കുവാൻ പാടില്ലാത്തതാണ്.

(4) ഒരു ആകസ്മിക ഒഴിവ് നികത്തുന്നതിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അംഗം ആരുടെ സ്ഥാനത്തേക്കാണോ അയാളെ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ അവശേഷിക്കുന്ന കാലയളവ്വരെ തുടരേണ്ടതാണ്.

(5) നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന്, സ്വന്തം കൈപ്പടയിൽ സർക്കാരിലേക്ക് എഴുതി അറിയിച്ചുകൊണ്ട് അയാളുടെ ഉദ്യോഗം രാജിവയ്ക്കാവുന്നതും എന്നാൽ, സർക്കാർ അയാളുടെ രാജി സ്വീകരിക്കുന്നതുവരെ അയാൾ ഉദ്യോഗത്തിൽ തുടരേണ്ടതുമാണ്.

(6) സമിതിയുടെ യാതൊരു പ്രവർത്തിയോ നടപടികളോ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയോ അപാകതയോ ഉണ്ടായിരുന്നു എന്ന കാരണത്താലോ ഏതെങ്കിലും അംഗത്തിന്റെ ഔദ്യോഗിക സ്ഥാനത്ത് ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നോ ഉള്ള കാരണത്താലോ അസാധുവായി കരുതപ്പെടാൻ പാടില്ലാത്തതാകുന്നു.

(7) സമിതി അതിന്റെ കാര്യനിർവ്വഹണത്തിനായി അതിന്റേതായ നടപടിക്രമങ്ങൾ ക്രമപ്പെടുത്തേണ്ടതാണ്.

(8) ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവനവ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

5. സമിതിയുടെ യോഗം.—(1) സമിതി, ആവശ്യമുള്ളപ്പോഴെല്ലാം ചെയർപേഴ്സൺ തീരുമാനിക്കുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും വച്ച് യോഗം ചേരേണ്ടതാണ്.

(2) ചെയർപേഴ്സണോ, അദ്ദേഹത്തിന്റെ അഭാവത്തിൽ, യോഗത്തിന് ഹാജരായിട്ടുള്ള അംഗങ്ങൾക്കിടയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന സമിതിയുടെ ഒരംഗമോ, യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

6. <u>അയോഗ്യത</u>.—(1) സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനവുമായി കൂട്ടുചേർന്ന യാതൊരാൾക്കും സമിതിയുടെ ഒരു അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(2) സർക്കാരിന്, എക്സ്-ഒഫിഷ്യോ അംഗമല്ലാത്ത ഏതൊരു അംഗത്തെയും, അയാൾ,—

(എ) ഒരു അവിമുക്ത നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ;

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് കഴിവില്ലാതായി തീരുകയോ;

(സി) ബുദ്ധിസ്ഥിരത ഇല്ലാതായി തീരുകയും അധികാരിതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ;

(ഡി) സദാചാരദൂഷ്യം ഉൾപ്പെടുന്നതായി സർക്കാർ കരുതുന്ന ഒരു കുറ്റത്തിനോ സാമ്പത്തിക ക്രമക്കേടുകൾക്കോ ശിക്ഷിക്കപ്പെടുകയോ;

(ഇ) സർക്കാരിന്റെ അഭിപ്രായത്തിൽ, തൽസ്ഥാനത്ത് തുടരുന്നത് പൊതു താല്പര്യത്തിന് ഹാനികരമാകത്തക്കവിധം തന്റെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തുകയോ;

ചെയ്യുന്നപക്ഷം നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഇക്കാര്യത്തിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാവുന്നതാണ്.

7. <u>സമിതിയുടെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും</u>.—(1) സർക്കാർ, സമിതിയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സമിതിക്ക് നൽകേണ്ടതാണ്.

(2) സമിതിയുടെ ആവശ്യത്തിലേക്കായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

8. <u>സമിതിയുടെ അധികാരങ്ങളും ചുമതലകളും</u>.—(1) സമിതി താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്, അതായത്:—

(എ) ഓരോ മെഡിക്കൽ കോഴ്സിനെയും സംബന്ധിച്ച്, സ്ഥാപനത്തിന് ചുമത്താവുന്ന ഫീസ് നിശ്ചയിക്കുന്നതിന് സമിതിയെ പ്രാപ്തമാക്കുന്നതിനാവശ്യമാകാവുന്ന വിവരമോ പ്രമാണങ്ങളോ രേഖകളോ ഒരു നിശ്ചിത തീയതിയോടെ എത്തിച്ചുകൊടുക്കുവാൻ ഒരു സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തോടോ ഒരു കൽപ്പിത സർവ്വകലാശാലയോടോ ആവശ്യപ്പെടാവുന്നതും അപ്രകാരം സമിതി നിശ്ചയിച്ച ഫീസിന് സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് സാധുതയുണ്ടായിരിക്കുന്നതുമാകുന്നു;

(ബി) ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവേശനം സംബന്ധിച്ച് ഒരു പരാതി ലഭിക്കുമ്പോൾ പരാതി കേൾക്കുകയോ അല്ലെങ്കിൽ സ്വമേധയാ,—

(i) ഏതെങ്കിലും സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം, ഇതിൻ കീഴിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവേശനം നടത്തിയതോ ഈ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസിൽ കൂടുതൽ ഫീസ് വസൂലാക്കുകയോ ക്യാപ്പിറ്റേഷൻ ഫീസോ കൊള്ളലാഭമോ സ്വീകരിക്കുകയോ ചെയ്യുന്നതിൽ അന്വേഷണം നടത്തുക;

(ii) (i)-ാം ഉപഖണ്ഡ പ്രകാരമുള്ള അന്വേഷണം നടത്തുന്ന ആവശ്യത്തിലേക്കായി സ്ഥാപനത്തിൽ പരിശോധന നടത്തുക:

എന്നാൽ, സമിതിക്ക്, സർക്കാരിന്റെയോ ബന്ധപ്പെട്ട സർവ്വകലാശാലയുടെയോ അല്ലെങ്കിൽ സമുചിത അധികാരസ്ഥാനത്തിന്റെയോ നിർദ്ദേശത്തിൻമേൽ ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കിയ ഏതെങ്കിലും പരിശോധനാ റിപ്പോർട്ടിന്മേൽ, (i)-ാം ഉപഖണ്ഡ പ്രകാരമുള്ള ഒരു അന്വേഷണം നടത്തിയതിനുശേഷം, (3)-ാം ഉപവകുപ്പ് പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ നടത്തേണ്ടുന്ന ഏതെങ്കിലും അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, സമിതിക്ക്, 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനും സ്ഥലപരിശോധന നടത്തുന്നതിനും വേണ്ടി കമ്മീഷനുകളെ അയയ്ക്കുന്നതിനും.

(3) സമിതി നിശ്ചയിച്ച ഫീസ് ആ അധ്യയനവർഷത്തിൽ സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശനം നേടിയ അപേക്ഷകന് ബാധകമായിരിക്കുന്നതും പ്രസ്തുത സ്ഥാപനത്തിലോ സർവ്വകലാശാലയിലോ അയാളുടെ കോഴ്സ് പൂർത്തീകരിക്കുന്നതുവരെ പരിഷ്ക്കരിക്കുവാൻ പാടില്ലാത്തതുമാകുന്നു. യാതൊരു സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനവും ഒരു അപേക്ഷകനിൽ നിന്ന് ഒരു അധ്യയനവർഷത്തിൽ ഒരു വർഷത്തെ ഫീസിൽ കൂടുതൽ വരുന്ന ഒരു ഫീസ് വസൂലാക്കാൻ പാടില്ലാത്തതാകുന്നു. ഒരു അധ്യയനവർഷത്തിൽ ഒരു വർഷത്തെ ഫീസിൽ കൂടുതൽ വസൂലാക്കുന്നത് ക്യാപ്പിറ്റേഷൻ ഫീസ് വസൂലാക്കുന്നതായി വ്യാഖ്യാനിക്കപ്പെടുന്നതും അതിനെതിരെയുള്ള നടപടിക്ക് വിധേയരായിത്തീരുന്നതുമാണ്.

(4) സമിതിക്ക്, പ്രവേശനമോ ഫീസോ സംബന്ധിച്ച്, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ അങ്ങനെയുള്ള സ്ഥാപനം ലംഘിച്ചുവെന്ന് ബോധ്യമാകുന്ന പക്ഷം, അങ്ങനെയുള്ള സ്ഥാപനത്തിനെതിരെ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതിനായി, അതിന്, സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്, അതായത്:—

(എ) പത്തുലക്ഷം രൂപവരെ പണമായുള്ള പിഴയും അതിന്മേൽ പ്രതിവർഷം പന്ത്രണ്ട് ശതമാനം എന്ന നിരക്കിൽ പലിശയും ചേർത്ത് സ്ഥാപനത്തിന്മേൽ ചുമത്തി അത് ഭൂമിയിന്മേലുള്ള പൊതു കര കുടിശ്ശിക എന്ന പോലെ ഈടാക്കുക;

(ബി) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു പ്രത്യേക സ്ഥാപനത്തിലെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ സീറ്റുകളും സംബന്ധിച്ച് നടത്തിയ പ്രവേശനം അസാധുവാണെന്ന് പ്രഖ്യാപിക്കുക, അതിനുശേഷം സ്ഥാപനം, അങ്ങനെയുള്ള അപേക്ഷകന്റെ പ്രവേശനം ഉടനടി റദ്ദാക്കേണ്ടതും അങ്ങനെയുള്ള വിദ്യാർത്ഥിയുടെ എൻറോൾമെന്റ് ബന്ധപ്പെട്ട സർവ്വകലാശാല റദ്ദാക്കേണ്ടതും അപേക്ഷകൻ ഇതിനകം ഹാജരായ ഏതെങ്കിലും പരീക്ഷയിലെ അയാളുടെ പരീക്ഷാഫലം റദ്ദാക്കേണ്ടതുമാണ്;

(സി) സമിതി നിശ്ചയിച്ച ഫീസിൽ കൂടുതലായി അത് വാങ്ങിയ ഏതെങ്കിലും തുകയോ ക്യാപ്പിറ്റേഷൻ ഫീസായി വാങ്ങിയ ഏതെങ്കിലും തുകയോ കൊള്ളലാഭത്തിന് വേണ്ടി വാങ്ങിയ ഏതെങ്കിലും തുകയോ ഉത്തരവിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള അങ്ങനെയുള്ള സമയത്തിനകം വിദ്യാർത്ഥിക്ക് സ്ഥാപനം മടക്കി നൽകണമെന്ന് ഉത്തരവിടുക:

എന്നാൽ, വിനിർദ്ദേശിക്കപ്പെട്ട സമയത്തിനകം വിദ്യാർത്ഥിക്ക് തുക മടക്കി നൽകുന്നതിൽ സ്ഥാപനം വീഴ്ചവരുത്തുന്ന പക്ഷം, ആയത്, അതിന്മേൽ പ്രതിവർഷം പന്ത്രണ്ട് ശതമാനം എന്ന നിരക്കിൽ പലിശ സഹിതം ഭൂമിയിന്മേലുള്ള പൊതു കര കുടിശ്ശിക എന്നപോലെ ഈടാക്കാവുന്നതും വിദ്യാർത്ഥിക്ക് നൽകേണ്ടതുമാണ്;

(ഡി) ഏതെങ്കിലും മെഡിക്കൽ കോഴ്സിലേക്ക് അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള കാലയളവിലേക്ക് പ്രവേശനം നിർത്തിവയ്ക്കുവാനോ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം കുറയ്ക്കുവാനോ സ്ഥാപനത്തിന് ഉത്തരവ് നൽകുക;

(ഇ) സ്ഥാപനത്തിന്റെ അംഗീകാരം പിൻവലിക്കുവാൻ സർവ്വകലാശാലയോടോ സമുചിത അധികാരസ്ഥാനത്തിനോടോ ശിപാർശ ചെയ്യുക;

(എഫ്) അതിന് യുക്തമെന്നു തോന്നുന്ന മറ്റേതെങ്കിലും നടപടികൾ.

(5) ഒരു സ്ഥാപനത്തിലെ പ്രവേശനം നീതിയുക്തവും സുതാര്യവുമായ രീതിയിലാണ് നടത്തിയിട്ടുള്ളത് എന്ന് സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

9. പ്രവേശനത്തിനുള്ള അർഹത.—(1) ഒരു സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള പ്രവേശനം ലഭിക്കുന്നതിനുള്ള അർഹത സമുചിത അധികാരസ്ഥാനം വിജ്ഞാപനം ചെയ്യുന്ന പ്രകാരമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഒരു സ്ഥാപനത്തിൽ, അനുവദിക്കപ്പെട്ട സീറ്റിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം കർശനമായും സർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിൽ പൊതു പ്രവേശനപരീക്ഷയിൽ ലഭിച്ച അവർക്കിടയിലെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്.

(3) സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള എല്ലാ പ്രവേശനങ്ങളും ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തേണ്ടതും അതിന് വിരുദ്ധമായി നടത്തുന്ന എല്ലാ പ്രവേശനവും അസാധുവായിരിക്കുന്നതുമാണ്.

10. സീറ്റ് സംവരണം.—ഇന്ത്യൻ ഭരണഘടനയുടെ 30-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളല്ലാത്ത സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിൽ, പട്ടികജാതി, പട്ടികഗോത്രവർഗ്ഗത്തിൽപ്പെടുന്ന ആളുകൾക്കും മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പൗരൻമാർക്കും, പ്രവേശനഘട്ടത്തിൽ സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സംവരണം ഉണ്ടായിരിക്കേണ്ടതാണ്.

11. ഫീസ് നിശ്ചയിക്കുന്നതിനുള്ള ഘടകങ്ങൾ.—(1) സമിതി, ഒരു സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം ചുമത്തേണ്ടുന്ന ഫീസ്, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിച്ച് നിശ്ചയിക്കേണ്ടതാണ്, അതായത്:—

(എ) സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം;

(ബി) മെഡിക്കൽ കോഴ്സിന്റെ സ്വഭാവം;

(സി) സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും മുതൽമുടക്ക്;

(ഡി) ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സജ്ജീകരണങ്ങളും, അധ്യാപക-അധ്യാപകേതര ജീവനക്കാരും;

(ഇ) മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഭരണത്തിനും നടത്തിപ്പിനും ഉള്ള ചെലവ്;

(എഫ്) മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമുള്ള ന്യായമായ ഒരു നീക്കിയിരിപ്പ്; അല്ലെങ്കിൽ

(ജി) മറ്റേതെങ്കിലും പ്രസക്ത ഘടകം.

(2) സമിതി, ഏതൊരു ഫീസും നിശ്ചയിക്കുന്നതിന് മുൻപ്, സ്ഥാപനത്തിന് പറയുവാനുള്ളത് പറയുവാനുള്ള ഒരവസരം നൽകേണ്ടതാണ്:

എന്നാൽ, സമിതി നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള യാതൊരു ഫീസും കൊള്ളലാഭത്തിനോ വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തിനോ കാരണമാകുവാൻ പാടില്ലാത്തതാകുന്നു.

12. <u>അപ്പീൽ.</u>—സമിതിയുടെ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള ഉത്തരവിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം ഹൈക്കോടതി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

13. <u>ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.</u>—ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർക്കാരിനോ ചെയർപേഴ്സണോ അല്ലെങ്കിൽ സമിതിയിലെ അംഗങ്ങൾക്കോ എതിരായി യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

14. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, ആ വൈഷമ്യം നീക്കുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റ പ്രാരംഭം മുതൽ രണ്ടു വർഷങ്ങൾക്കുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവും അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

15. <u>ആക്റ്റിനുള്ള അതിപ്രഭാവം.</u>—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ആക്റ്റിലെ (2006-ലെ 19) വ്യവസ്ഥകൾക്കുമേൽ, അത് സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമായിരിക്കുന്നിടത്തോളം, അതിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുമ്പ് പ്രസ്തുത ആക്റ്റ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ ഏതെങ്കിലും നടപടിയോ ആ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം തുടരേണ്ടതും നിലനിർത്തി പോരേണ്ടതും, പ്രസ്തുത ആക്റ്റിനുകീഴിൽ അങ്ങനെ എടുത്ത ഏതെങ്കിലും വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റേതെങ്കിലും നിയമനടപടികളോ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നില്ലായിരുന്നുവെങ്കിൽ എന്നപോലെ, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി തുടരുകയോ നിലനിർത്തിപ്പോരുകയോ അല്ലെങ്കിൽ കൈകാര്യം ചെയ്യുകയോ ചെയ്യേണ്ടതാകുന്നു.

16. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സംസ്ഥാന സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 4-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം സമിതിയുടെ ചെയർപേഴ്സന്റെയും അംഗങ്ങളുടേയും ശമ്പളവും ബത്തകളും മറ്റു സേവനവ്യവസ്ഥകളും;

(ബി) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സമിതിയുടെ ആവശ്യത്തിലേക്കായി നിയമിക്കപ്പെട്ട സ്റ്റാഫിന്റെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും;

(സി) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിനുള്ള അർഹത, പ്രവേശന രീതിയും സീറ്റ് വിഭജനവും;

(ഡി) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺഎയ്ഡഡ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം അപേക്ഷകരിൽ നിന്നും ഈടാക്കേണ്ട ഫീസ് നിശ്ചയിക്കുന്ന രീതി;

(ഇ) ആവശ്യമായതോ നിർണ്ണയിക്കപ്പെടേണ്ടതോ ആയ മറ്റേതെങ്കിലും സംഗതി.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

17. <u>സർക്കാരും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ഉടമ്പടി.</u>—മുൻപറഞ്ഞ വ്യവസ്ഥകളിലോ മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, ഫീസോ അങ്ങനെയുള്ള മറ്റേതെങ്കിലും സംഗതിയോ സംബന്ധിച്ച് ഒന്നോ അതിലധികമോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഏതൊരു ഉടമ്പടിയിലും ഏർപ്പെടാവുന്നതാണ്.

18. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് (2017-ലെ 14) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലേയും കൽപ്പിത സർവ്വകലാശാലകളിലേയും സ്വകാര്യ മെഡിക്കൽ കോളേജുകളിലേയും മെഡിക്കലും ദന്തലും സീറ്റുകളിലേക്കുള്ള എല്ലാ പ്രവേശനവും കർശനമായും നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (നീറ്റ്) വഴി തയ്യാറാക്കുന്ന ലിസ്റ്റ് വഴിയുള്ള മെറിറ്റടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർബന്ധമാക്കിയിട്ടുള്ളതാണ്. പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനം ക്രമീകരിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിയന്ത്രിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റു നടപടികളും) ആക്റ്റിലെ (2006-ലെ 19) പ്രസക്തമായ വ്യവസ്ഥകൾ WP(C) 17873/2006 നമ്പർ കേസിലെ 4-1-2007-ലെ വിധിന്യായ പ്രകാരം ബഹു. കേരള ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. പ്രവേശന നടപടിക്രമങ്ങൾ മറികടക്കുവാനായി വിവിധ മാനേജ്മെന്റുകൾ അഴിമതി നടത്തുന്നുവെന്ന റിപ്പോർട്ടുകൾ സർക്കാരിന് ലഭ്യമായതിനെത്തുടർന്ന് കേരള സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമീകരിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതിയിലും പട്ടിക ഗോത്രവർഗ്ഗത്തിലും മറ്റ് പിന്നാക്ക സമുദായങ്ങളിലുംപെട്ട ആളുകൾക്ക് സീറ്റ് സംവരണം വ്യവസ്ഥ ചെയ്യുന്നതിനുംവേണ്ടി ഒരു നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഉടൻ നടപ്പാക്കേണ്ടിയിരുന്നതിനാലും 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് 2017 ഏപ്രിൽ 10-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഏപ്രിൽ 10-ാം തീയതിയിലെ 704-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 6-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2017 ഏപ്രിൽ 25-ാം തീയതി ആരംഭിച്ച് 2017 മേയ് 25-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് 2017 ജൂൺ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ജൂൺ 1-ാം തീയതിയിലെ 1132-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 7-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2017 ജൂൺ 8-ാം തീയതി ആരംഭിച്ച് അന്നേദിവസം അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസ് 2017 ജൂലൈ 10-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ജൂലൈ 10-ാം തീയതിയിലെ 1430-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 14-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2017-ലെ 14-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി എന്ന പേരിൽ ഒരു സമിതി രൂപീകരിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാൻ ബില്ലിലെ 3-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. സമിതിയുടെ ചെയർപേഴ്സന്റേയും അംഗങ്ങളുടേയും ശമ്പളവും ബത്തകളും മറ്റു സേവന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കാൻ ബില്ലിലെ 4-ാം ഖണ്ഡം (8)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. സമിതിയുടെ ആവശ്യത്തിലേക്കായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വേതന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ ബില്ലിലെ 7-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. സമിതി നിശ്ചയിച്ച ഫീസ് വിജ്ഞാപനം ചെയ്യാൻ ബില്ലിലെ 8-ാം ഖണ്ഡം (എ) ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. വിദ്യാർത്ഥികളുടെ പ്രവേശനം നടത്തേണ്ടരീതി നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ ബില്ലിലെ 9-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. പട്ടികജാതിയിലും പട്ടിക ഗോത്രവർഗ്ഗത്തിലും മറ്റ് പിന്നാക്ക സമുദായങ്ങളിലും പെട്ട ആളുകൾക്ക് സംവരണം നൽകുന്നത് നിർണ്ണയിക്കുവാൻ ബില്ലിലെ 10-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. സമിതി ഫീസ് നിശ്ചയിക്കുന്നത് സംബന്ധിച്ച രീതി നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 11-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുമ്പോൾ ഉണ്ടാകാവുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്കായി ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 16-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കുകയോ അല്ലെങ്കിൽ ഉത്തരവുകളോ വിജ്ഞാപനങ്ങളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങളും ഉത്തരവുകളും, അവ ഉണ്ടാക്കിയശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. കെ. ശൈലജ ടീച്ചർ.